**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4120** **18-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ, ആരോഗ്യ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, രൂപീകരിച്ച 1920 ചികിത്സാ വ്യവസ്ഥകളും നിരക്കുകളും ഉൾക്കൊള്ളുന്ന പട്ടികയിൽ അടങ്ങിയിരിക്കുന്ന ചികിത്സകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/ അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.<br><br>നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തിര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സക്കും പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.<br><br>പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിന് പ്രകാരം ആയിരിക്കും.<br><br>(i) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് |

| | | | |
|---|---|---|---|
| | | | അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.<br><br>പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.<br><br>(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **മെഡിസെപ് പദ്ധതിയിൽ കൂടുതൽ പൊതു/സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.** |

സെക്ഷൻ ഓഫീസർ